# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഗവേഷണ സ്ഥാപനം

നവംബർ 2022 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"





## ഐ.ആർ.ടി.സി സ്ഥാപിതദിനാഘോഷം

ഐ.ആർ.ടി.സിയുടെ 35-ാമത് സ്ഥാപിത ദിനമായ നവംബർ 22ന് വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. 1987ൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ പാലക്കാട് മുണ്ടൂരിലാണ് ഐ.ആർ.ടി.സി. പ്രവർത്തനമാരംഭിച്ചത്. ഗ്രാമീണജനതയുടെ ഉന്നമനം ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് ഐ.ആർ.ടി.സി. ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ദക്ഷത കൂടിയ പരിഷത്ത് അടുപ്പ് മുതൽ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി വരെ ഇന്ന് അത് എത്തിനിൽക്കുന്നു. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഗ്രാന്റോടുകൂടിയാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്.

സ്ഥാപിതദിനാഘോഷത്തിന്റെ ഭാഗമായുള്ള ഉദ്ഘാടന ചടങ്ങിൽ CUSAT രജിസ്ട്രാറും കെമിക്കൽ ഓഷ്യാനോഗ്രഫി വിഭാഗം അധ്യാപകനുമായിരുന്ന പ്രൊഫ. (ഡോ.) ചന്ദ്രമോഹൻ കുമാർ “Integrated coastal protection for Kerala coast” എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഐ.ആർ.ടി.സി ചെയർമാനും പരിഷത്ത് സംസ്ഥാന പ്രസിഡന്റുമായ ബി. രമേശ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജോജി കൂട്ടുമ്മേൽ സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. രജിസ്ട്രാർ പി. മുരളീധരൻ സ്വാഗതവും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. രാമചന്ദ്രൻ നന്ദിയും പറഞ്ഞു. രാവിലെ മുതൽ വൈകീട്ട് വരെ നടന്ന ആഘോഷ പരിപാടിയിൽ ഐ.ആർ.ടി.സി, സഹോദര സ്ഥാപനങ്ങളായ പി.പി.സി, പി.ഐ.യു. എന്നിവിടങ്ങളിലെ മുഴുവൻ ജീവനക്കാരും പങ്കാളികളായി.

നീർത്തടാധിഷ്ഠിത വികസന രംഗത്തും മാലിന്യപരിപാലന രംഗത്തും നൂതന മാതൃകകൾ സൃഷ്ടിച്ച് കേരള വികസനത്തിൽ ചെറുതല്ലാത്ത പങ്ക് വഹിയ്ക്കാൻ സാധിച്ച സ്ഥാപനം കൂടിയാണ് ഐ.ആർ.ടി.സി. നിലവിൽ കേരളത്തിലെ ഒട്ടനവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ ഐ.ആർ.ടി.സി വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. (ശേഷം പേജ് 2ൽ).

## പുരസ്കാര നിറവിൽ ഡോ. എം. ലളിതാംബിക

### ശ്രീകിഷൻ മോഡി മെമ്മോറിയൽ അവാർഡ്



കൗൺസിൽ ഫോർ ഇന്ത്യൻ സെറാമിക് സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ള 2022ലെ ശ്രീകിഷൻ മോഡി മെമ്മോറിയൽ അവാർഡ് ഐ.ആർ.ടി.സി പോട്ടറി ഡിവിഷൻ മേധാവി ഡോ. എം. ലളിതാംബികയ്ക്ക്.

കളിമൺ ധാതു മേഖലയിലെ സംഭാവനകൾക്കും പതിറ്റാണ്ടുകൾ നീണ്ട സ്ഥിരപരിശ്രമത്തിലൂടെ പരമ്പരാഗത കളിമൺ വ്യവസായ മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കാനായതിനുമാണ് അവാർഡ് നൽകിയത്.

ഐ.ആർ.ടി.സി.യുമായുള്ള സഹകരണം പരമ്പരാഗത കളിമൺ തൊഴിലാളികളുടെ നൈപുണിയും ശേഷിയും വർദ്ധിപ്പിച്ച് സാങ്കേതികവും സാമൂഹികവുമായ ഉന്നമനത്തിനു കാരണമായതായി കൗൺസിൽ വിലയിരുത്തുന്നുണ്ട്.

ഐ.ആർ.ടി.സി. ഡയറക്ടർ കൂടിയായിരുന്ന ഡോ: എം. ലളിതാംബികയുടെ നേതൃത്വത്തിൽ കേരളത്തിലെ മൺപാത്ര നിർമാണ തൊഴിലാളികളെ കുറിച്ചുള്ള വിശദമായ സർവേയും പഠനപ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. ഐ.ആർ.ടി.സി രൂപപ്പെടുത്തിയ പോട്ടറിവീൽ, മണ്ണരയ്ക്കൽ യന്ത്രം, ചൂള എന്നിവ ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിലും ജീവിതത്തിലും പുരോഗമനപരമായ മാറ്റങ്ങൾ സാധ്യമാക്കി.

2022 ഡിസംബർ 8ന് വാരണാസിയിൽ നടക്കുന്ന ഇന്ത്യൻ സെറാമിക് സൊസൈറ്റിയുടെ വാർഷിക യോഗത്തിൽ വച്ചാണ് അവാർഡ് സമ്മാനിക്കുന്നത്.

(പേജ് ഒന്നിന്റെ തുടർച്ച)



പ്രൊഫ. എം.കെ. പ്രസാദ് പുസ്തക കോർണർ പരിഷത്ത് ജനറൽ സെക്രട്ടറിയും പ്രസിഡന്റും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു



ഡോ. പി. മുഹമ്മദ് ഷാഫി അവതരണങ്ങളോട് പ്രതികരിച്ച് സംസാരിക്കുന്നു

സ്ഥാപിതദിനത്തിന്റെ ഉദ്ഘാടന സെഷന് മുന്നോടിയായി ഐ.ആർ.ടി.സി.യുടെ വിവിധ ഡിവിഷനുകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് ഡിവിഷൻ മേധാവികൾ അവതരണങ്ങൾ നടത്തി. പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ദിവാകരൻ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് സർവകലാശാല കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് തലവനായിരുന്ന പ്രൊഫ. (ഡോ.) പി. മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിലുള്ള പാനൽ അവതരണങ്ങളെ വിലയിരുത്തി.

## എം.കെ. പ്രസാദ് പുസ്തക കോർണർ

ഐ.ആർ.ടി.സി. ലൈബ്രറിയിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകനായിരുന്ന പ്രൊഫ. എം.കെ. പ്രസാദിന്റെ പേരിൽ സജ്ജീകരിച്ച പുസ്തക കോർണർ പരിഷത്ത് ജനറൽ സെക്രട്ടറി ജോജി കൂട്ടുമ്മേൽ, പ്രസിഡന്റ് ബി. രമേശ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

## സാംസ്കാരിക സദസ്സ്

ഉച്ചയ്ക്ക് ശേഷം നടന്ന സാംസ്കാരിക പരിപാടിയിൽ ഐ.ആർ.ടി.സി പ്രവർത്തകരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. ബാബു പുളക്കൽ രചന നിർവഹിച്ച് പ്രസാദ് കണ്ണോത്ത് സംവിധാനം ചെയ്ത ‘കുറുവഴിയും കുറുനരികളും’ എന്ന നാടകം അരങ്ങേറി. രതീഷ് മുണ്ടൂരും സംഘവും നാടൻപാട്ടുകളുടെ അവതരണം നടത്തി. ഐ.ആർ.ടി.സി-പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ദിവാകരൻ, ഐ.ആർ.ടി.സി -പി.ഐ.യു സെക്രട്ടറി എ.എം. ബാലകൃഷ്ണൻ, ആനന്ദ് സെബാസ്റ്റ്യൻ, ഡോ. ബി. തസീം, സജിൽ എൻ.ആർ. എന്നിവർ സംസാരിച്ചു.

## ഐ.ആർ.ടി.സി.യുടെ വിവിധ ഡിവിഷനുകളുടെ നേതൃത്വത്തിൽ നടന്ന അവതരണങ്ങൾ



പ്രിയമോൾ



നിഖിൽ എൻ.



ഡോ. പി.എൻ. ദാമോദരൻ



ഡോ. ഉമ ജെ. വിനോദ്




എ.എൻ. ശിവദാസൻ



സ്നേഹ സുകുമാരൻ



പ്രൊഫ. ബി.എം. മുസ്തഫ



ആർ. സതീഷ്



ആനന്ദ് സെബാസ്റ്റ്യൻ



ജയൻ ചമ്പക്കുളം



കൃഷ്ണ എസ്.



സായ് പ്രശാന്ത്



# സമത വില്ലേജ് വിപുലീകരിച്ചു

## മലമ്പുഴ-കോങ്ങാട് എം.എൽ.എ.മാർ ചേർന്ന് ഉദ്ഘാടനം ചെയ്തു

ഐ.ആർ.ടി.സി.യുടെ സഹോദരസ്ഥാപനങ്ങളിൽ ഒന്നായ പരിഷത്ത് പ്രൊഡക്ഷൻ സെന്ററിൽ സമത വില്ലേജ് നഴ്സറിയും, സമത സമോവറും വിപുലീകരിച്ച് പ്രവർത്തനമാരംഭിച്ചു. നവംബർ ഒന്നിന് നടന്ന പരിപാടിയിൽ മലമ്പുഴ എം.എൽ.എ ശ്രീ. എ. പ്രഭാകരൻ സമത വില്ലേജ് നഴ്സറി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ തനതു വിഭവങ്ങളും, പാനീയങ്ങളും ദേശീയപാതയോരത്ത് ലഭ്യമാകുന്ന സമത സമോവറിന്റെ ഉദ്ഘാടനം കോങ്ങാട് എം.എൽ.എ അഡ്വ. കെ. ശാന്തകുമാരി നിർവഹിച്ചു.

നേരത്തെ കോഴിക്കോട്-പാലക്കാട് ദേശീയപാതയുടെ (NH 966) വികസനവുമായി ബന്ധപ്പെട്ട് സമത വില്ലേജിന്റെ നല്ലൊരു ഭാഗം ഭൂമി വിട്ടുനൽകേണ്ടി വന്നിരുന്നു. വിപുലീകരിച്ച സമത വില്ലേജിൽ ഗുണമേന്മയുള്ള ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, കാർഷിക ഉപകരണങ്ങൾ, ഉൽപന്നങ്ങൾ എന്നിവ ലഭ്യമാണ്.

മുണ്ടൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സജിത അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ വി. കെ. ജയപ്രകാശ് ആദ്യ വിൽപന നടത്തി സംസാരിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ജനറൽ സെക്രട്ടറി ജോജി കൂട്ടുമ്മേൽ ആദ്യ വിൽപന ഏറ്റുവാങ്ങി. പരിഷദ് പ്രൊഡക്ഷൻ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ദിവാകരൻ സ്വാഗതം ആശംസിച്ചു. മുണ്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ പി. ഉണ്ണിക്കണ്ണൻ, കെ. നാരായണൻകുട്ടി, ഐ.ആർ. ടി.സി. ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള, ജോസഫ് പി.വി., ലില്ലി സി. എന്നിവർ ആശംസകൾ നേർന്നു. പി.പി.സി സെക്രട്ടറി വിജിത് കെ.വി. നന്ദി രേഖപ്പെടുത്തി.

# ജീവനോപാധി പരിശീലനങ്ങൾ സംഘടിപ്പിച്ചു



ചാലിയാർ, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ നബാർഡ്-ടി.ഡി.എഫ് വാടി പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഊരുജനതയുടെ വരുമാന വർധനവ് ലക്ഷ്യമിട്ട് നടപ്പാക്കുന്ന ജീവനോപാധി പ്രവർത്തനങ്ങളുടെ ഭാഗമായി 49 ഗുണഭോക്തൃ കുടുംബങ്ങൾക്ക് മൂന്ന് വീതം ആടുകളെ വിതരണം ചെയ്തു.

ചാലിയാർ പഞ്ചായത്തിലെ പണപൊയിൽ കോളനിയിൽ വച്ച് സംഘടിപ്പിച്ച ശാസ്ത്രീയ ആടുവളർത്തൽ പരിശീലന പരിപാടിയും വിതരണോദ്ഘാടനവും, ചാലിയാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോഹരൻ നിർവ്വഹിച്ചു. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജിഷ സി. നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഏറനാട് ട്രൈബൽ ഫാർമേഴ്സ് സമിതിയുടെ നേതൃത്വത്തിൽ പ്രാദേശികമായി ഗുണമേന്മയുള്ള ആടുകളെ കണ്ടെത്തി വാങ്ങി നൽകുകയായിരുന്നു. എല്ലാ ആടുകളെയും വെറ്റിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശോധിച്ച് ഇൻഷൂർ ചെയ്യുകയും ചെയ്തു.

പദ്ധതിയുടെ ഭാഗമായി നേതൃത്വ വികസനം, വിപണന നൈപുണ്യ വികസനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. നിലമ്പൂർ KFRI സബ്സെന്ററിൽ വച്ച് സംഘടിപ്പിച്ച പരിശീലന പരിപാടി ചാലിയാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോഹരൻ ഉദ്ഘാടനം ചെയ്തു.

# പ്ലാസ്റ്റിക് പരിപാലനത്തിൽ നൂറിന്റെ നിറവിൽ ആലപ്പുഴയിൽ 11 ഗ്രാമ പഞ്ചായത്തുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യപരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകർമസേനയുടെ പാഴ് വസ്തു ശേഖരണത്തിൽ 100% ലക്ഷ്യം കൈവരിച്ച് ആലപ്പുഴ ജില്ല ശ്രദ്ധേയ നേട്ടം കൈവരിച്ചു. മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീയും പ്ലാസ്റ്റിക് ശേഖരണവും നടത്തി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിൽ 100% എന്ന ലക്ഷ്യം ആലപ്പുഴ ജില്ല സാധ്യമാക്കി. അടുത്തിടെ പ്രഖ്യാപനം നടന്ന പെരുമ്പളം ഉൾപ്പെടെ 11 ഗ്രാമ പഞ്ചായത്തുകൾ ഈ പട്ടികയിൽ ഇടം നേടി. കാർത്തികപ്പള്ളി, ചിങ്ങോലി, മുതുകളം, കണ്ടല്ലൂർ, ദേവികുളങ്ങര, തൃക്കുന്നപ്പുഴ, മുട്ടാർ, തകഴി, തൈക്കാട്ടുശ്ശേരി, തണ്ണീർമുക്കം എന്നീ ഗ്രാമ പഞ്ചായത്തുകളാണ് നൂറിന്റെ നിറവിലെത്തിയത്.

നൂറു ശതമാനത്തിൽ എത്തിയ എല്ലാ പഞ്ചായത്തുകളിലും ഹരിതകർമസേനയ്ക്ക് ഹരിതസഹായ സ്ഥാപനമെന്ന നിലയിൽ സാങ്കേതിക സഹായം നൽകുന്നത് ഐ.ആർ.




ടി.സി.യാണ്. ആലപ്പുഴ ജില്ലയിൽ ചേർത്തല, ആലപ്പുഴ, കായംകുളം, മാവേലിക്കര എന്നീ നഗരസഭകളിലും 35 ഗ്രാമ പഞ്ചായത്തുകളിലും ഐ.ആർ.ടി.സി. ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്നുണ്ട്.

ഹരിതകർമസേനയെ വാതിൽപ്പടി സേവനത്തിന് സജ്ജമാക്കി പ്ലാസ്റ്റിക് അടക്കമുള്ള പാഴ് വസ്തു പരിപാലനവും അതുവഴി അവരുടെ വരുമാനവും വർധിപ്പിക്കാൻ ഐ.ആർ.ടി.സി.ക്ക് സാധിച്ചു.

ഹരിതകർമസേനാംഗങ്ങളെ ശക്തീകരിക്കുന്നതിന്റെ ഭാഗമായി പത്താംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്തു. ആലപ്പുഴ ജില്ലയിൽ 85 ഹരിതകർമസേനാംഗങ്ങൾ പത്താംതരം പരീക്ഷയ്ക്ക് ഈ വർഷം തയ്യാറെടുക്കുന്നുണ്ട്. കൂടാതെ, ഡ്രൈവിംഗിലും സംരംഭകത്വത്തിലും പരിശീലനങ്ങൾ നൽകി ഹരിതകർമസേനാംഗങ്ങളെ മുഖ്യധാരയിലെത്തിക്കുന്ന പ്രവർത്തനങ്ങൾ ഐ.ആർ. ടി.സിയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

# പ്ലാസ്റ്റിക് തരംതിരിക്കൽ കേന്ദ്രങ്ങൾ ഇനി പാഠശാലയും



മാലിന്യ പരിപാലനത്തിൽ നിന്നും അക്ഷരലോകത്തിലേക്ക് ഹരിതകർമസേന.

ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സി, ഹരിതകർമസേനയെ മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ പ്രാപ്തമാക്കുന്നതോടൊപ്പം അവരെ അക്ഷരത്തിന്റെയും അറിവിന്റെയും ലോകത്തിലേക്ക് കൊണ്ടുപോകാനുള്ള തയ്യാറെടുപ്പിലാണ്.

വാതിൽപടി പാഴ് വസ്തു ശേഖരണം സമ്പൂർണ്ണമാക്കുവാനും അതുവഴി ഹരിതകർമസേനയുടെ വരുമാനം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ഒരു വശത്ത് നടപ്പിലാക്കുമ്പോൾ തന്നെ മറുവശത്ത് അവരെ ശക്തീകരിക്കുന്ന പ്രവർത്തനവും ഐ.ആർ.ടി.സി. ഏറ്റെടുത്തിരിക്കുന്നു.

ഈ വർഷം ഐ.ആർ.ടി.സി. ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന 43 തദ്ദേശ സ്ഥാപനങ്ങളിൽ നിന്നായി 194 ഹരിതകർമസേനാംഗങ്ങൾ പത്താംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്ത് മാർച്ചിൽ നടക്കുന്ന പരീക്ഷയിൽ ഉന്നത വിജയം നേടാനുള്ള തയ്യാറെടുപ്പിലാണ്. സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന ക്ലാസുകൾ കൂടാതെ പ്ലാസ്റ്റിക് തരംതിരിക്കുന്ന എം.സി.എഫും ഇനി പാഠശാലയാകുകയാണ്. അദ്ധ്യാപകരായി ഐ.ആർ.ടി.സി. കോർഡിനേറ്റർമാരും രംഗത്തുണ്ട്.

## കാർഷിക വിദ്യാർത്ഥികൾക്ക് പ്രവൃത്തി പരിചയ ക്യാമ്പ് (RAWE)

കാസർകോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക സർവകലാശാലയിലെ 21 ബി.എസ്.സി അഗ്രികൾച്ചർ വിദ്യാർത്ഥികളാണ് ഗ്രാമീണ കാർഷിക പ്രവൃത്തിപരിചയ പരിപാടിയുടെ (RAWE) ഭാഗമായി ഐ.ആർ. ടി.സിയിലെത്തിയത്. 2021 നവംബർ 17 മുതൽ 19 വരെയാണ് ക്യാമ്പ് നടന്നത്.

നാല് ദിവസത്തെ പരിപാടിയുടെ ഭാഗമായി, ഐ.ആർ.ടി.സി ഇടപെട്ടു വരുന്ന മാലിന്യപരിപാലനം, പ്രകൃതിവിഭവ പരിപാലനം, ജീവനോപാധി വികസനം തുടങ്ങിയ വിഷയമേഖലകൾ വിദ്യാർത്ഥികൾ പരിചയപ്പെട്ടു. ഐ.ആർ.ടി.സി രജിസ്ട്രാർ പി. മുരളീധരൻ, NRM ഡിവിഷൻ മേധാവി ആർ. സതീഷ്, വേസ്റ്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. പി.എൻ. ദാമോദരൻ, പ്രൊഫ. ബി.എം. മുസ്തഫ, ജിയോഇൻഫർമാറ്റിക്സ് മേധാവി ആനന്ദ് സെബാസ്റ്റ്യൻ എന്നിവരുമായി വിദ്യാർത്ഥികൾ സംവദിച്ചു. ക്യാമ്പ് കോർഡിനേറ്ററായി ആർ. രഞ്ജിത്തും ജോയിന്റ് കോർഡിനേറ്ററായി ജെ. അഭിലാഷും പ്രവർത്തിച്ചു.